**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 234** **18-03-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികഗോത്ര വർഗ്ഗ കുടുംബങ്ങൾക്ക് വീട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീമതി ഒ എസ് അംബിക** | | **null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ലൈഫ് മിഷൻ മാനദണ്ഡ പ്രകാരം തയ്യാറാക്കിയ ലിസ്റ്റനുസരിച്ച് എത്ര പട്ടികജാതി, പട്ടികഗോത്രവർഗ്ഗ കുടുംബങ്ങൾക്കാണ് വീട് അനുവദിക്കേണ്ടതായിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ലൈഫ് മിഷൻ തയ്യാറാക്കിയ ലിസ്റ്റ് അനുസരിച്ച് 75,137 പട്ടികജാതി കുടുംബങ്ങൾക്കും 35,553 പട്ടികവർഗ്ഗ കുടുംബങ്ങൾക്കുമാണ് വീട് അനുവദിക്കേണ്ടിയിരുന്നത്. |
| (ബി) | ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് മിഷന്റെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലായി വീട് അനുവദിച്ചതിൽ എത്ര വീടുകളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന കണക്ക് ലഭ്യമാണോ; | (ബി) | ലൈഫ് മിഷന്റെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ അഡീഷ്ണൽ ലിസ്റ്റിൽ നിന്നും വീട് അനുവദിച്ചതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ 42,249 വീടുകളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ 14,854 വീടുകളുമാണ് ഇനിയും പൂർത്തീകരിക്കുവാനുള്ളത്. |
| (സി) | ഭൂരഹിത, ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങാൻ നൽകുന്ന ധനസഹായ പദ്ധതി ഈ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ? | (സി) | ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭൂരഹിത, ഭവനരഹിതർക്ക് ഭൂമി വാങ്ങാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടത്തുന്ന ധനസഹായം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 7,368 ഗുണഭോക്താക്കളും പട്ടികവർഗ്ഗത്തിൽപ്പെട്ട 316 ഗുണഭോക്താക്കളും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം മുതൽ 2021-22 ഫെബ്രുവരി മാസം വരെ പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 19,316 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ലാന്റ് ബാങ്ക് പദ്ധതിയിലുൾപ്പെടുത്തി നാളിതുവരെ 176 പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വിതരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ